പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.6940

2.11.2011ൽ
മറുപടി നൽകേണ്ടിയിരുന്നത്

# ലാന്റ് അസൈൻമെന്റ് ആക്ട്

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ : | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
|---|---|
| (എ) കേരള ലാന്റ് അസൈൻമെന്റ് റൂൾസ് 9(11) പ്രകാരം അസസ്മെന്റ് ഓർഡറും ചെല്ലാനും കൊടുത്തിട്ടുള്ളതും എല്ലാ തുകകളും ട്രഷറിയിൽ ഒടുക്കിയിട്ടുള്ളതും എന്നാൽ 5 വർഷം കഴിഞ്ഞിട്ടും പട്ടയം അനുവദിച്ചിട്ടില്ലാത്തതായ ഭൂമി, തറവില മുതലായ എല്ലാ തുകയും ട്രഷറിയിൽ ഒടുക്കിയിട്ടുള്ള വ്യക്തിക്ക് പട്ടയം ലഭിക്കുന്നതിന് മുൻപ് പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുന്നതിന് നിയമതടസ്സം ഉണ്ടോ ; വിശദമാക്കാമോ ; | (എ) അസൈൻമെന്റ് ഓർഡർ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേയ്ക്കുള്ള എല്ലാ തുകകളും പൂർണ്ണമായും ഒടുക്കിയിട്ടുള്ളതും, എന്നാൽ പട്ടയം അനുവദിച്ചിട്ടില്ലാത്തതുമായ ഭൂമി കൈമാറ്റം ചെയ്യുന്നതിന് വ്യവസ്ഥയില്ല. അസൈൻമെന്റ് ഓർഡറിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടു മാത്രമെ ഭൂമി കൈമാറ്റം ചെയ്യാൻ പാടുള്ളൂ. |
| (ബി) കൈമാറ്റം ചെയ്യുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷം ; | (ബി) ഉണ്ട്. 25 വർഷം. |
| (സി) അസൈൻമെന്റ് ആക്ട് 1960 സെക്ഷൻ 8-ൽ പ്രതിപാദിച്ചിരിക്കുന്ന എസ്.സി.625 1977(1) സെക്ഷൻ 213-ാം നമ്പർ സുപ്രീം കോടതി വിധി പ്രകാരം സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതായ തുകകൾ അടച്ചിട്ടുള്ളതും എന്നാൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ എല്ലാവർക്കും പൊതുവിൽ ബാധകമാണോ എന്ന് വ്യക്തമാക്കുമോ ? | (സി) സുപ്രീം കോടതി വിധി പ്രസ്തുത കേസിന് മാത്രമേ ബാധകമാകുന്നുള്ളൂ. |

Kajeew

സെക്ഷൻ ഓഫീസർ